# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 981 — 12/12/2012-ൽ മറുപടിക്ക്

### കുട്ടമ്പുഴ കണ്ടൻ പാറയിലെ ആദിവാസികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. റ്റി. യു. കുരുവിള | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | കോതമംഗലം നിയോജക മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിലെ കണ്ടൻ പാറയിൽ പാലായനം ചെയ്തുവന്ന് താമസിക്കുന്ന ആദിവാസികളുടെ ദുരിതങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് അടിയന്തിരമായി എന്തെല്ലാം സൗകര്യങ്ങൾ നല്കുമെന്ന് വ്യക്തമാക്കാമോ; | എ | കുട്ടമ്പുഴ പഞ്ചായത്തിലെ കണ്ടൻപാറയിൽ പലായനം ചെയ്ത് താമസിക്കുന്ന ആദിവാസികളുടെ ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കുടുംബങ്ങൾക്ക് കുടിൽ നിർമ്മിക്കുന്നതിന് ധനസഹായം, പുതപ്പ്, സൗജന്യ റേഷൻ, എന്നിവ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഭക്ഷ്യ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി അരിവിതരണം നടപ്പിലാക്കിയിട്ടുണ്ട്. |
| ബി | കാട്ടുമൃഗങ്ങൾ വിളകൾ നിരന്തരമായി നശിപ്പിക്കുന്നത് മൂലം ഇവർക്ക് സുരക്ഷിത സ്ഥലത്ത് വാസയോഗ്യമായ വീടും ഉപജീവന സംവിധാനങ്ങളും നല്കാൻ എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | ബി | കാട്ടുമൃഗങ്ങളുടെ നിരന്തരമായ ശല്യം കാരണം കഷ്ടപ്പെടുന്ന ടി കുടുംബങ്ങളെ കുട്ടമ്പുഴ പഞ്ചായത്തിലെ ഉരുളൻതണ്ണിയിലേക്ക് മാറ്റി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി | ഇവരെ പുനരധിവസിപ്പിക്കുന്നതിന് അടിയന്തിരമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | സി | കുട്ടമ്പുഴ പഞ്ചായത്തിലെ മലയാറ്റൂർ ഡിവിഷനിലുള്ള നിബിഡ വനത്തിൽ തീർത്തും ഒറ്റപ്പെട്ടു കിടക്കുന്ന വാരിയത്തെയും, ഉറിയംപ്പെട്ടിയിലെയും 218 കുടുംബങ്ങളെ വനംവകുപ്പിന്റെ അധീനതയിലുള്ള ഉരുളൻതണ്ണി എന്ന സ്ഥലത്ത് പുനരധിവസിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടുന്നതിന് 9.9.2012 ൽ പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുക്കുകയും, ആയതിൻ പ്രകാരം കേന്ദ്ര വന മന്ത്രാലയത്തിൽ അപേക്ഷ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ വനം വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| ഡി | ഇവരെ പുനരധിവസിപ്പിക്കുന്നതിന് ഒരു ഉന്നത ഉദ്യോഗസ്ഥനെ നിയമിച്ച്, പുനരധിവാസം സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | ഡി | പുനരധിവാസം സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ ഇതിലേക്കായി ഒരു ഉന്നത ഉദ്യോഗസ്ഥനെ നിയമിക്കുന്നത് സംബന്ധിച്ച നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. |

R.V.

**സെക്ഷൻ ഓഫീസർ**